# Official Spokesperson's response to media queries regarding the vandalization of the Statue of Maharaja Ranjit Singh in Lahore

August 17, 2021

---

## ലാഹോറിലെ മഹാരാജ രഞ്ജിത്ത് സിംഗിന്റെ പ്രതിമ നശിപ്പിച്ചതുമായി ബന്ധപ്പെട്ട മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഓഗസ്റ്റ് 17, 2021

**ലാഹോറിലെ മഹാരാജ രഞ്ജിത്ത് സിംഗിന്റെ പ്രതിമ നശിപ്പിച്ചതുമായി ബന്ധപ്പെട്ട മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് അരിന്ദം ബാഗ്‌ചിയുടെപ്രതികരണം ഇപ്രകാരമായിരുന്നു,**

"ഇന്ന് ലാഹോറിലെ മഹാരാജാ രഞ്ജിത് സിങ്ങിന്റെ പ്രതിമ തകർക്കപ്പെട്ടതിനെക്കുറിച്ച് മാധ്യമങ്ങളിൽ വന്ന അസ്വസ്ഥജനകമായ റിപ്പോർട്ടുകൾ ഞങ്ങൾ ശ്രദ്ധിക്കുകയുണ്ടായി. 2019 ൽ പ്രതിമ അനാച്ഛാദനം ചെയ്തതിന് ശേഷം ഇത് മൂന്നാമത്തെ സംഭവമാണ്.

പാകിസ്ഥാനിലെ ന്യൂനപക്ഷ സമുദായങ്ങളുടെ സാംസ്കാരിക പൈതൃകത്തിനെതിരായ ഇത്തരം ആക്രമണങ്ങൾ പാകിസ്താൻ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയും ന്യൂനപക്ഷ സമുദായങ്ങളോടുള്ള ബഹുമാനക്കുറവും എടുത്തുകാണിക്കുന്നവയാണ്.

ന്യൂനപക്ഷ സമുദായങ്ങൾക്കെതിരായ അക്രമ സംഭവങ്ങൾ, അവരുടെ ആരാധനാലയങ്ങൾ, അവരുടെ സാംസ്കാരിക പൈതൃകം, അവരുടെ സ്വകാര്യ സ്വത്ത് എന്നിവയ്ക്കെതിരായ ആക്രമണങ്ങൾ ഇവയെല്ലാം തന്നെ ഗൗരവകരമായ തോതിൽ വർദ്ധിക്കുകയാണ്. പന്ത്രണ്ട് ദിവസം മുമ്പാണ് പാക്കിസ്ഥാനിലെ റഹിം യാർ ഖാനിലെ ഒരു ഹിന്ദു ക്ഷേത്രം ആൾക്കൂട്ടം ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്തത്.

അത്തരം ആക്രമണങ്ങൾ തടയുന്നതിനുള്ള ചുമതലയിൽ പാകിസ്ഥാൻ ഭരണകൂടം പൂർണ്ണമായും പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്.ഇത്,

ന്യൂനപക്ഷ സമുദായങ്ങൾക്ക് അവരുടെ വിശ്വാസങ്ങൾ പുലർത്തുന്നതിനായി ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.

തങ്ങളുടെ രാജ്യത്തെ ന്യൂനപക്ഷ സമുദായങ്ങളുടെ സംരക്ഷണവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ ഞങ്ങൾ പാകിസ്ഥാൻ സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

ന്യൂ ഡൽഹി
ഓഗസ്റ്റ് 17, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release